**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 712** **06-12-2022 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ പുരപ്പുറ സൗരോർജ്ജ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം കുന്നത്തുനാട് മണ്ഡലത്തിൽ എത്ര സൗരനിലയങ്ങൾ സ്ഥാപിക്കാനായിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | കെ. എസ്. ഇ. ബി. എൽ. പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ 998 സൗര നിലയങ്ങൾ സ്ഥാപിതമായിട്ടുണ്ട്. സ്ഥാപിത ശേഷി-4193 Kwp. ഈ പുരപ്പുറ സൗരോർജ്ജ പദ്ധതിയിലൂടെ പ്രസ്തുത നിയോജക മണ്ഡലത്തിൽ പ്രതിമാസം 503160 യൂണിറ്റ് വൈദ്യുതിയാണ് ഉത്പാദിപ്പിക്കുന്നത്.<br><br>കൂടാതെ ഗാർഹിക പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം കുന്നത്തുനാട് മണ്ഡലത്തിൽ അനെർട്ട് മുഖേന 12 കിലോവാട്ട് ശേഷിയുള്ള 3 സൗരനിലയങ്ങൾ സ്ഥാപിച്ചു. ഇതിലൂടെ പ്രതിമാസം ഏകദേശം 1,500 യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ പ്രതിമാസം എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കെ. എസ്. ഇ. ബി. എൽ. പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ 998 സൗര നിലയങ്ങൾ സ്ഥാപിതമായിട്ടുണ്ട്. സ്ഥാപിത ശേഷി-4193 Kwp. ഈ പുരപ്പുറ സൗരോർജ്ജ പദ്ധതിയിലൂടെ പ്രസ്തുത നിയോജക മണ്ഡലത്തിൽ പ്രതിമാസം 503160 യൂണിറ്റ് വൈദ്യുതിയാണ് ഉത്പാദിപ്പിക്കുന്നത്.<br><br>കൂടാതെ ഗാർഹിക പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം കുന്നത്തുനാട് മണ്ഡലത്തിൽ അനെർട്ട് മുഖേന 12 കിലോവാട്ട് ശേഷിയുള്ള 3 സൗരനിലയങ്ങൾ സ്ഥാപിച്ചു. ഇതിലൂടെ പ്രതിമാസം ഏകദേശം 1,500 യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്. |
| (സി) | കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും ഇതുവരെ പ്രസ്തുത പദ്ധതിയ്ക്കായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്താണെന്നും വിശദമാക്കുമോ? | (സി) | കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും ഇതുവരെ പ്രസ്തുത പദ്ധതിയ്ക്കായി അനെർട്ടിന് 25 ഉപഭോക്താക്കളിൽ നിന്ന് ആകെ 105 കിലോവാട്ട് ശേഷിയുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകളാണ് ലഭിച്ചത്. ഇതിൽ 3 |

| | | | |
|---|---|---|---|
| | | | ഉപഭോക്താക്കൾ ആകെ 12 കിലോവാട്ട് ശേഷിയുള്ള പ്ലാന്റുകൾ സ്ഥാപിച്ചു. കെ.എസ്.ഇ.ബി.എൽ. എംപാനൽ ചെയ്ത ഡെവലപ്പർമാർ വഴിയാണ് അപേക്ഷകർ പ്ലാൻറ് സ്ഥാപിക്കുന്നത്. ബാക്കിയുള്ളവർ പ്ലാൻറ് സ്ഥാപിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിച്ചുവരുന്നു.<br><br>കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പുരപ്പുറ സൗരോർജ്ജ പദ്ധതിയിലേക്ക് നാളിതുവരെ 1188 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും 998 സൗരനിലയങ്ങൾ (4193 Kwp) പണി പൂർത്തിയായി കമ്മീഷൻ ചെയ്തു. ശേഷിക്കുന്ന നിലയങ്ങളുടെ തുടർനടപടികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ